വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശിപാർശ

35(2073) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിച്ചില്ലായെങ്കിൽ പിഴ നൽകണമെന്ന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ശിപാർശ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡിലെ തൊഴിലാളികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; യൂണിയനുകളുടെ അഭിപ്രായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഓരോ സെക്ഷനിലും ജീവനക്കാരെ നിയമിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിതരണ ലൈസൻസികളുടെ പ്രവർത്തന നിലവാരം നിഷ്കർഷിച്ച് 2015 ഡിസംബർ 15-ന് പുറപ്പെടുവിച്ച പുതുക്കിയ ചട്ടങ്ങളിൽ വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിച്ചില്ലെങ്കിൽ പിഴ നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഈ ചട്ട പ്രകാരം സാധാരണ നിലയിൽ ഫ്യൂസ് പോകുമ്പോഴുണ്ടാകുന്ന വൈദ്യുതി തടസ്സം നഗരപ്രദേശത്ത് 6 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്ത് 8 മണിക്കൂറിനുള്ളിലും, പുഞ്ച നിലങ്ങൾ, മലമ്പ്രദേശങ്ങൾ തുടങ്ങിയ പ്രയാസമേറിയ സ്ഥലങ്ങളിൽ 10 മണിക്കൂറിനുള്ളിലും പരിഹരിക്കണം. ഓവർഹെഡ് ലൈനിലോ കേബിളിലോ ഉള്ള തകരാറാണെങ്കിൽ നഗരപ്രദേശത്ത് 8 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്ത് 12 മണിക്കൂറിനുള്ളിലും പ്രയാസമുള്ള സ്ഥലങ്ങളിൽ 16 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. ഭൂഗർഭ കേബിളുകളിൽ തകരാറുണ്ടായാൽ നഗരപ്രദേശത്ത് 24 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്തും പ്രയാസമുള്ള സ്ഥലങ്ങളിലും 48 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. വിതരണ ട്രാൻസ്ഫോർമറുകളിൽ തകരാറുണ്ടായാൽ നഗരപ്രദേശത്ത് 24 മണിക്കൂറിനുള്ളിലും, ഗ്രാമപ്രദേശത്ത് 36 മണിക്കൂറിനുള്ളിലും, പ്രയാസമുള്ള സ്ഥലങ്ങളിൽ 48 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. വൈകുന്നേരം 6 മണി മുതൽ രാവിലെ 8 മണി വരെയുള്ള സമയം ഈ സമയനിബന്ധനകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സമയനിബന്ധന പാലിച്ചില്ലെങ്കിൽ പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുവാൻ സെക്ഷൻ ഓഫീസുകളിൽ ആവശ്യാനുസരണമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ഫീൽഡ് ജീവനക്കാരെ കാപ്പിറ്റൽ മെയിന്റനൻസ് & ബ്രേക്ക് ഡൌൺ, റവന്യൂ എന്നീ 3 വിഭാഗങ്ങായി തരംതിരിച്ച് കൊണ്ടും, (24 മണിക്കൂറും) വാഹനസൌകര്യം ലഭ്യമാക്കിക്കൊണ്ടും വൈദ്യുത തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി നിലയങ്ങളുടെ സ്ഥാപിതശേഷി

36(2074) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വൈദ്യുതി നിലയങ്ങളുടെ സ്ഥാപിത ശേഷിയും ഉൽപ്പാദനവും എത്ര മെഗാവാട്ടാണ്; വ്യക്തമാക്കാമോ;

(ബി) വിവിധ തരം നിലയങ്ങളിൽ നിന്നും പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്; തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ പ്രതിദിനം പുറമേ നിന്നും വാങ്ങുന്ന വൈദ്യുതി എത്ര; ആയതിന് ദിനം പ്രതി വരുന്ന ചെലവ് എത്ര; വ്യക്തമാക്കുമോ; നിലവിൽ പ്രതിദിനം കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി എത്ര; ആയത് 2010-11 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ജലസംഭരണികളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ശേഷിക്കുന്നത്;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉത്പാദിപ്പിച്ചു; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കൂടുതലായി ഉൽപ്പാദിപ്പിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയും, ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് പരിഹരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എത്ര തുക നാളിതുവരെ മാറ്റിവച്ചുവെന്നും ആയതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോഴത്തെ സ്ഥാപിതശേഷി 2844 മെഗാവാട്ടും വാർഷിക ഉത്പാദന ശേഷി 11971 ദശലക്ഷം യൂണിറ്റും ആണ്.

LIBRARY ARCHIVES Kerala Legislative Assembly